**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **08-12-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ഹയർസെക്കന്ററി ടീച്ചർ ആശാദേവി എം.എസ്. ന്റെ ആശ്രിതനായ ശ്രീ. അനീഷ് കുമാർ എം.എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം (ഫയൽ നമ്പർ ആർ2/242/2022) 27/10/2022- ൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ആയതിന്റെ മറുപടിക്ക് ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ; | (എ) | 27.10.2022-ലെ ആർ2/242/2022-പൊ.വി.വ. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് 02.12.2022-ലെ എഡി.എ6/245268/2022/ഡി.ജി.ഇ പ്രകാരം പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഭരണപരമായ കാലതാമസം മാത്രമേ പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടറേറ്റിൽ നിന്നും വന്നിട്ടുള്ളൂ. |
| (ബി) | മരണമടഞ്ഞ ജീവനക്കാരി സംരക്ഷിത അവകാശിയായജീവനക്കാരിയാണോ എന്ന ചോദ്യം വകുപ്പ് ചോദിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നും മനപൂർവം കാലതാമസം വരുത്തുക എന്ന ഉദ്ദേശത്തോടെയാണോയെന്നും അറിയിക്കാമോ; | (ബി) | ഭരണപരമായ പരിശോധനയുടെ ഭാഗമായാണ് മരണമടഞ്ഞ ജീവനക്കാരി സംരക്ഷിത അദ്ധ്യാപികയാണോ എന്നും സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം മറ്റാരും ടി ജോലിയ്ക്ക് അപേക്ഷിച്ചിട്ടില്ല എന്നും ടി ആനുകൂല്യം കുടുംബത്തിലെ മറ്റാരും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നുമുള്ള സാക്ഷ്യപത്രങ്ങൾ ആവശ്യപ്പെട്ടിരുന്നത്. ശ്രീ. അനീഷ് കുമാർ എം.എസ്-ന്റെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം ആശ്രിത നിയമനത്തിന് യോഗ്യമാണ് എന്ന് കാണുന്നപക്ഷം ആശ്രിത നിയമ പ്രകാരമുള്ള നിയമനാംഗീകാര ഉത്തരവ് സർക്കാർ തലത്തിൽ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. തുടർന്ന് ഒഴിവിന്റെ അടിസ്ഥാനത്തിലാണ് നിയമനം ലഭ്യമാകുക. |
| (സി) | ശ്രീ. അനീഷ്കുമാറിന് അടിയന്തരമായി ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഭരണപരമായ പരിശോധനയുടെ ഭാഗമായാണ് മരണമടഞ്ഞ ജീവനക്കാരി സംരക്ഷിത അദ്ധ്യാപികയാണോ എന്നും സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം മറ്റാരും ടി ജോലിയ്ക്ക് അപേക്ഷിച്ചിട്ടില്ല എന്നും ടി ആനുകൂല്യം കുടുംബത്തിലെ മറ്റാരും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നുമുള്ള സാക്ഷ്യപത്രങ്ങൾ ആവശ്യപ്പെട്ടിരുന്നത്. |

| | | | |
|---|---|---|---|
| | | | ശ്രീ. അനീഷ് കുമാർ എം.എസ്-ന്റെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം ആശ്രിത നിയമനത്തിന് യോഗ്യമാണ് എന്ന് കാണുന്നപക്ഷം ആശ്രിത നിയമ പ്രകാരമുള്ള നിയമനാംഗീകാര ഉത്തരവ് സർക്കാർ തലത്തിൽ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. തുടർന്ന് ഒഴിവിന്റെ അടിസ്ഥാനത്തിലാണ് നിയമനം ലഭ്യമാകുക. |

സെക്ഷൻ ഓഫീസർ